**കേരള സർക്കാർ**
**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ 31/03/2013 വരെയുള്ള പലിശ നൽകുന്നതിനുള്ള "2216-80-800-89 (NP)" എന്ന ശീർഷകത്തിൽ ഉപധനാഭ്യർത്ഥന പ്രകാരം വകയിരുത്തിയിട്ടുള്ള തുക മാറി നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ)നം.631/14/തസ്വഭവ** **തിരുവനന്തപുരം, തീയതി :03.03.2014.**

---

**പരാമർശം - 1. 7.11.2009 - ലെ സ.ഉ.(എം.എസ്) നം. 207/09/തസ്വഭവ.**
**2. 04.12.2013- ലെ സ.ഉ.(സാധാ) നം.2984/13/തസ്വഭവ.**
**3. 19.02.2014 - ലെ സ.ഉ.(സാധാ) നം. 463/14/തസ്വഭവ.**
**4. പഞ്ചായത്ത് ഡയറക്ടറുടെ 01.08.2013 - ലെ ജെ.2- 35445/10 നമ്പർ കത്ത്.**
**5.നഗരകാര്യ ഡയറക്ടറുടെ 05.09.2013 - ലെ ഡി.സി.4 2899/10 നമ്പർ കത്ത്.**
**6. ഗ്രാമവികസന കമ്മീഷണറുടെ 11.09.2013 - ലെ 23688/ജെ.ആർ.വൈ.1/13/സി.ആർ.ഡി. നമ്പർ കത്ത്.**
**7. ഗ്രാമവികസന കമ്മീഷണറുടെ 04.02.2014 - ലെ 23688/ജെ.ആർ.വൈ.1/13/സി.ആർ.ഡി. നമ്പർ കത്ത്.**

**ഉത്തരവ്**

ഇ.എം.എസ് ഭവനപദ്ധതിക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ പലിശയിനത്തിൽ "2216-80-800-(NP)" എന്ന ശീർഷകത്തിലുള്ള 40,00,00,000/-(നാൽപതുകോടി) രൂപ ഗ്രാമ/ബ്ലോക്ക്/ ജില്ലാപഞ്ചായത്തുകൾക്കും നഗരസഭ/കോർപ്പറേഷനുകൾക്കും മാറി നല്കുന്നതിനുള്ള അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ്പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവിലുള്ള ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ തുകകൾ തമ്മിൽ പരസ്പരം മാറിപ്പോയതായും ആയത് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (7) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം തിരുത്തൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (4),(5),(6),(7) എന്നിവ പ്രകാരം യഥാക്രമം പഞ്ചായത്ത് ഡയറക്ടറും, നഗരകാര്യ ഡയറക്ടറും, ഗ്രാമവികസന കമ്മീഷണറും ലഭ്യമാക്കിയിരുന്ന പ്രപ്പോസലുകൾ

പ്രകാരം 31/03/2013 വരെ ആകെ 72,80,18,513/- (എഴുപത്തിരണ്ടു കോടി എൺപതു ലക്ഷത്തി പതിനെണ്ണായിരത്തി അഞ്ഞൂറ്റി പതിമൂന്ന് ) രൂപ പലിശയിനത്തിൽ നൽകുവാനുണ്ടായിരുന്നു. പ്രസ്തുത തുകയിൽ നിന്നും പരാമർശം (2) ഉത്തരവ് പ്രകാരം അനുവദിച്ച 40,00,00,000/- (നാല്പത് കോടി) രൂപ കിഴിച്ച് ബാക്കി 32,80,18,513/- (മുപ്പത്തിരണ്ട് കോടി എൺപത് ലക്ഷത്തി പതിനെണ്ണായിരത്തി അഞ്ഞൂറ്റി പതിമൂന്ന്) രൂപ ഇപ്പോൾ ഉപധനാഭ്യർത്ഥന പ്രകാരം അനുവദിയ്ക്കപ്പെട്ട സാഹചര്യത്തിൽ ടി 32,80,18,513/- (മുപ്പത്തിരണ്ട് കോടി എൺപത് ലക്ഷത്തി പതിനെണ്ണായിരത്തി അഞ്ഞൂറ്റി പതിമൂന്ന്) രൂപ താഴെപ്പറയും പ്രകാരം മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവു് പുറപ്പെടുവിക്കുന്നു.

1.ഗ്രാമപഞ്ചായത്ത് തലത്തിലെ പലിശയിനത്തിൽ 01/10/2012 മുതൽ31/03/2013 വരെ ബാധ്യതയായ 27,34,81,167/- (ഇരുപത്തേഴ് കോടി മുപ്പത്തിനാല് ലക്ഷത്തി എൺപത്തിയൊന്നായിരത്തി നൂറ്റിഅറുപത്തിയേഴ്) രൂപ മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. നഗരസഭകളിലും, കോർപ്പറേഷനുകളിലും 01.01.13 മുതൽ 31.03.2013 വരെ പലിശയിനത്തിൽ ബാധ്യതയായ 3,87,23,198/- (മൂന്ന് കോടി എൺപത്തിയേഴ് ലക്ഷത്തി ഇരുപത്തിമൂന്നായിരത്തി നൂറ്റി തൊണ്ണൂറ്റിയെട്ട്) രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 31/03/2013 വരെ ബാദ്ധ്യതയായ 1,58,14,148/- ( ഒരു കോടി അമ്പത്തിയെട്ട് ലക്ഷത്തി പതിനാലായിരത്തി നൂറ്റിനാല്പത്തിയെട്ട്) രൂപയും മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**(ജെയിംസ് വർഗ്ഗീസ്)**

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, സഹകരണ വകുപ്പ്.
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ /എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.
ധനകാര്യ ബജറ്റ് വിംഗ് (ഇ) വകുപ്പ് (06.02.14 – ലെ109552/ബിഡബ്ളിയു ഇ.3/14/ഫിൻ പ്രകാരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- പകർപ്പ്:- പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ഗ്രാമവികസന - ആസൂത്രണ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി (ഡി.എ/ഡി.ബി) യുടെ സി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്